**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1923 — 13.06.2019 ൽ മറുപടിയ്ക്ക്

**എൻ.ഐ.സി. ഇ-ഓഫീസ് സോഫ്റ്റ് വെയർ**

| **ചോദ്യം**<br>ശ്രീ.എൻ. ഷംസുദ്ദീൻ | | **മറുപടി**<br>**പിണറായി വിജയൻ**<br>( മുഖ്യമന്ത്രി ) | |
|---|---|---|---|
| (എ) | ഭൂരിഭാഗം സർക്കാർ ഓഫീസുകളിലേയും ഫയലുകൾ കൈകാര്യം ചെയ്യുന്നതിന് എൻ.ഐ.സി. തയ്യാറാക്കിയ ഇ-ഓഫീസ് സോഫ്റ്റ് വെയർ ഒഴിവാക്കി പുതിയ സോഫ്റ്റ് വെയർ നടപ്പിലാക്കുവാൻ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശം നൽകുമോ; | (എ) | ഇ-ഓഫീസിന് നിരവധി പോരായ്മകളുണ്ടായിരുന്നതിനാൽ പ്രസ്തുത വിഷയം 19.01.2017 ൽ കൂടിയ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഇ-ഗവേണൻസുമായി ബന്ധപ്പെട്ട സംസ്ഥാനതല അപെക്സ് കമ്മിറ്റി പരിഗണനയ്ക്കെടുക്കുകയും ഇ-ഓഫീസ് വെർഷൻ 2.0 തയ്യാറാക്കാൻ എൻ.ഐ.സി യെ ചുമതലപ്പെടുത്തുകയും സർക്കാർ ഉത്തരവ് പ്രകാരം ആയതിനുള്ള നിർദ്ദേശം എൻ.ഐ.സി യ്ക്ക് നൽകുകയും ചെയ്തു. 2017 മാർച്ച് മാസത്തിൽ ഇ-ഓഫീസ് പ്രതിസന്ധി രൂക്ഷമായതിനാൽ 25.03.2017 ൽ അന്നത്തെ ചീഫ് സെക്രട്ടറി ഒരു അടിയന്തിര യോഗം വിളിക്കുകയും ഇ-ഓഫീസിലെ പ്രശ്നങ്ങൾ അടിയന്തിരമായി പരിഹരിക്കണമെന്നും വെർഷൻ 2.0 തയ്യാറാക്കുന്നതിനുള്ള നിർദ്ദേശം 18.04.2017 ന് മുമ്പ് സമർപ്പിക്കണമെന്നും നിർദ്ദേശം നൽകി. എന്നാൽ ഇ-ഓഫീസിലെ പ്രശ്നങ്ങൾക്ക് പരിഹാരമാവുകയോ പുതിയ വെർഷൻ 2.0 തയ്യാറാക്കുന്നതിനുള്ള നിർദ്ദേശം എൻ.ഐ.സി സമർപ്പിക്കാതിരിക്കുകയോ ചെയ്ത സാഹചര്യത്തിൽ പരിഹാരമാർഗ്ഗം നിർദ്ദേശിക്കുന്നതിനായി ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി |

| | | | |
|---|---|---|---|
| | | | അദ്ധ്യക്ഷനായി 5 അംഗ സെക്രട്ടറി തല കമ്മിറ്റി 17.07.2017 ലെ സ.ഉ(സാധാ) നം. 161/2017/ITD ഉത്തരവ് പ്രകാരം രൂപീകരിച്ചിരുന്നു. 26.07.2017 -ൽ കൂടിയ പ്രസ്തുത സമിതിയുടെ ആദ്യ യോഗത്തിൽ സംസ്ഥാനത്തെ മുഴുവൻ വകുപ്പുകൾക്കും വേണ്ടിയുള്ള ഒരു പുതിയ ഫയൽ പ്രോസസിംഗ് സോഫ്റ്റ് വെയർ ഓപ്പൺ മാർക്കറ്റിൽ നിന്നും വാങ്ങുന്നതിന് ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് പുതിയ ഡിജിറ്റൽ വർക്ക് പ്ലേസ് സൊല്യൂഷനുള്ള ടെണ്ടർ നടപടികൾ ആരംഭിച്ചത്. സോഫ്റ്റ് വെയർ പരിഷ്കരിക്കുമ്പോൾ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് ട്രെയിനിംഗ്, ഹാൻഡ് ഹോൾഡ് സപ്പോർട്ട് എന്നിവ നൽകാനാണുദ്ദേശിക്കുന്നത്. ഇ-ഓഫീസ് വഴി സൃഷ്ടിക്കപ്പെട്ട ഫയലുകളും തപാലുകളും പൂർണമായും പുതിയ സിസ്റ്റത്തിലേയ്ക്ക് മൈഗ്രേറ്റ് ചെയ്യണമെന്നത് ടെണ്ടർ കണ്ടിഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തിയായാൽ മാത്രമേ ഏജൻസി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാവുകയുള്ളൂ. |
| (ബി) | നിലവിൽ എൻ.ഐ.സി. തയ്യാറാക്കിയ ഇ-ഓഫീസ് സംവിധാനം താഴെത്തട്ടിൽവരെ ഏർപ്പെടുത്തിയതിനും മറ്റുമായി ഇതുവരെ എന്ത് തുക ചെലവഴിച്ചിട്ടുണ്ട് എന്നതിന്റെ വിവരം നൽകുമോ; | | 2013 മുതൽ 2019 മാർച്ച് വരെ 32,47,45,387/- രൂപ ഇ-ഓഫീസ് പദ്ധതിയ്ക്കായി ചെലവഴിച്ചിട്ടുണ്ട്. |
| (സി) | നിലവിലുള്ള ഇ-ഓഫീസ് സംവിധാനം ഒഴിവാക്കി പുതിയ സംവിധാനം കൊണ്ടുവരുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ നൽകുമോ? | (സി) | ടെണ്ടറിൽ പങ്കെടുത്തിരിക്കുന്ന ഏജൻസികളുടെ ഡിജിറ്റൽ വർക്ക് പ്ലേസ് സൊല്യൂഷൻ സാങ്കേതിക പരിശോധന നടത്തുന്നതിനായി 5 സാങ്കേതിക വിദഗ്ധരടങ്ങുന്ന ടെക്നിക്കൽ കമ്മിറ്റിയും യൂസർ ലെവൽ പരിശോധന നടത്തുന്നതിന് |

| | | | |
|---|---|---|---|
| | | | 20 പേരടങ്ങുന്ന ഒരു യൂസർ ഇവാല്യുവേഷൻ കമ്മിററിയും രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത രണ്ട് കമ്മിററികളുടെയും ശുപാർശയുടെയടിസ്ഥാനത്തിൽ മാത്രമേ പുതിയ ഡിജിറ്റൽ വർക്ക്പ്ലേസ് സൊല്യൂഷന്റെ തെരഞ്ഞെടുപ്പ് സാധ്യമാകുവെന്നുള്ളതിനാൽ എല്ലാ തരത്തിലുള്ള പ്രശ്നങ്ങളും പരിഹരിച്ചുകൊണ്ടുള്ള സൊല്യൂഷൻ ലഭ്യമാകുന്നതിനുള്ള സാധ്യതയാണുള്ളത്. |

**സെക്ഷൻ ഓഫീസർ**